ഒരു രാജ്യത്തിന്റെ പുരോഗമനത്തിനു സഹായമായിത്തീർന്നിട്ടുള്ള ശാസ്ത്രങ്ങളെയോ കലകളെയോ പററി ആരായുന്നതു ഗവേഷണപടുക്കൾക്കു് ആഹ്ളാദകരമായിട്ടുള്ള ഒരു സംഗതിയാണു്. പാശ്ചാത്യരാജ്യങ്ങളിലുള്ളവർ അവരുടെ ഭൂവിഭാഗത്തു് ഇന്നയിന്ന ശാസ്ത്രങ്ങൾ ഇന്നിന്നപ്രകാരത്തിൽ ഉത്ഭവിച്ചുയെന്നും അവ ഏതെല്ലാം പ്രകാരത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചു എന്നും സൂക്ഷ്മമായി പരിശോധിക്കുന്നതിൽ മററുള്ള രാജ്യക്കാരെക്കാൾ ഉൽസുകരായി കാണുന്നുണ്ടു്. അതുമൂലം തങ്ങളാണു ലോകോപകാരപ്രദങ്ങളായി ഭവിച്ചിട്ടുള്ള പല ശാസ്ത്രങ്ങളുടെയും മററും കാരണക്കാരെന്നു് അവക്കൽഘോഷിക്കുന്നതിനും സാധിക്കുന്നുണ്ടു്. എന്നാൽ കേരളീയരും അപ്രകാരമുള്ള ഒരുത്സാഹം പ്രദർശിപ്പിച്ചിരുന്നെങ്കിൽ ഇന്നു നിലവിലിരിക്കുന്ന പല സിദ്ധാന്തങ്ങളുടേയും ശാസ്ത്രങ്ങളുടേയും, എന്നുവേണ്ടാ ലോകത്തിന്റെ പുരോഗമനത്തിനു നിദാനമായിത്തീർന്നിട്ടുള്ള പല സംഗതികളുടേയും മൂലം കേരളത്തിലാണെന്നു കാണ്മാൻ സാധിക്കുമായിരുന്നു. ഇപ്രകാരം ഗവേഷണങ്ങൾ നടത്തുന്നതിനു് ഒരു സർവ്വകലാശാലയിലുള്ളവർ ശ്രമിക്കുന്നപക്ഷം അതിലേക്കു് ഏററവും യോഗ്യന്മാരായ ആളുകളെ ഏർപ്പെടുത്തുന്നതിനും തദ്വാരാ ഏററവും തൃപ്തികരങ്ങളായ ഫലങ്ങൾ സിദ്ധിക്കുന്നതിനും വളരെ സൌകര്യമുണ്ടാകുമെന്നു മാത്രമല്ല, വിവിധമാർഗ്ഗങ്ങളിൽ കൂടി അഭിവൃദ്ധിയുണ്ടാക്കുന്നതിനു് ഇതു സഹായകമായി ഭവിക്കയും, വിശിഷ്യ താദൃശങ്ങളായ സംരംഭങ്ങളിൽ പ്രശംസാർഹങ്ങളായ വിജയങ്ങൾ നേടി രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായി പരിലസിക്കുന്നതിനു യുവാക്കന്മാക്കു പ്രത്യേകിച്ചും ഉ[illegible]ഹം ജനിപ്പിക്കയും ചെയ്യുമെ[illegible]തിനു യാതൊ

രു സംശയവുമില്ല.

മൊത്തത്തിൽ പറകയാണെങ്കിൽ, ഇൻഡ്യയിലെ ഇതരരാജ്യങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസത്തിലും മററനേകം കാര്യങ്ങളിലും മുന്നിട്ടുനില്ക്കുന്ന കേരളനിവാസികൾ മററു രാജ്യങ്ങളുടെ തോതനുസരിച്ചു പ്രവർത്തിക്കാൻ തുടങ്ങിയാൽ അവർക്കെത്തിച്ചേരാവുന്ന സ്ഥാനം വേണ്ടെന്നു വയ്ക്കുക മാത്രമാണു ചെയ്യുന്നതു്. അതു് ഒട്ടും അഭിലഷണീയമായിട്ടുള്ളതല്ല. അതുകൊണ്ടു കേരളത്തിൻെറ നിസർഗ്ഗസുന്ദരമായ പ്രകൃതിയുടെ പൂർണ്ണസ്വാരസ്യം അനുഭവപ്രദമാകണമെങ്കിൽ തീച്ചയായും അവക്കു മററുള്ള വരുടേതിൽനിന്നും വേറിട്ടു് ഒരു അദ്ധ്യയനകേന്ദ്രം അത്യന്താപേക്ഷിതമാണു്. മേൽ പറഞ്ഞിരിക്കുന്ന ഉദ്ദേശങ്ങളെല്ലാം ഒന്നായി പ്രയോഗത്തിൽ വരുത്തത്തക്ക നിലയിൽ കേരളം ഇപ്പോൾ സ്ഥിതി ചെയ്യുന്നില്ലെങ്കിലും ഇപ്രകാരം ഒരു സ്ഥാപനം ഉണ്ടാകാതെ ഭാവിയിലെങ്കിലും ഇവയെ പ്രായോഗികമാക്കുന്നതിനും തൻമൂലമുള്ള ശ്രേഷ്ഠഗുണങ്ങളെ കൈക്കൊള്ളുന്നതിനും സാദ്ധ്യമാകയില്ല. അതുകൊണ്ടു കേരളത്തിലെ വിദ്വൽസമ്പന്നന്മാരും വിവിധകലകളിൽ പാണ്ഡിത്യമുള്ള വരുമായ ആളുകൾ ഒത്തുചേന്നു് ആലോചിച്ചു തല്ക്കാലം വരുത്താവുന്ന വ്യത്യാസങ്ങൾ മാത്രം വരുത്തി സവ്വകലാശാല ആരംഭിക്കയും പിന്നീടു ക്രമമനുസരിച്ചു ഓരോന്നു അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരികയും ചെയ്യാൽ നിശ്ചയമായും വിജയംസിദ്ധിക്കുന്നതാണു്.

P. M. Mathai, Mannoor.
*Class III. Group I A.*

# ഞാൻ ആരു്?

സി. റി. കറിയാക്കോസ്സ് ശെമ്മാശൻ
(പൂർവ്വവിദ്യാർത്ഥി)

"ആരു നീ? ആരു നീ?" മൽപൂവനത്തി
വാരഞ്ചും പൂച്ചെടിച്ചില്ലകളിൽ [ലെ
പാടിക്കളിക്കു "മടയ്ക്കാക്കുരുവി"ക്കു-
ത്തോടി യുലഞ്ഞെന്നോടാരായ്കയായ് 4

വല്ലരിഭാര വിനിതാഭിരമ്യമാം
മുല്ലയും, റോസയും, പിച്ചകവും,
തേനൊലിപ്പൂക്കൾ നുകന്നുനുകന്നു താൻ
താനേ മറന്നു തൈത്തെന്നൽ താനും,
കല്യാണ കല്യാല്ലസല്ലോല സല്ലാപ-
സല്ലീനരായുള്ള പൂവാടിയിൽ—
എൻ ചുടുവേപ്പിൻ കൊഴുപ്പാൽ തഴച്ചു
രഞ്ചുമെന്നോമനപ്പൂ വാടിയിൽ— [വാ-
കാര്യാലയത്തിലെക്കോരോക്കോളക്കാരേററു
കാതരനായ ഞാനന്നൊരിക്കൽ,
പൂതമരുത്തിൻെറ ശീതോപചാരങ്ങൾ
ജാത പുളകം സഹിച്ചു നില്ക്കെ,
'നീയാരു'? 'നീയാരെ'? ന്നെന്നോടു വീ
[ണ്ടുമാ
വായാടിപ്പക്ഷി വിളിച്ചു കൂകി. 18

× × ×

"ആരുനീ? ആരുനീ?' കേൾക്കായി വീ
[ണ്ടുമെൻ
മാനസത്തിങ്കലാ മഞ്ജുഗാനം.
"ആരു ഞാൻ? ആരു ഞാൻ?" ഞാനാം
[അറയിൽ നി-
ന്നാരോതുടന്നേവ മേററു പാടി.
ചിന്താനടിക്കിനി നൃത്തം തുടങ്ങുവാൻ
എന്തൊന്നിതിൽപ്പരം വേണമത്രെ. 24



മാതൃഗർഭത്തിൽ നിന്നിച്ചുടലക്കള-
ത്തോളമീമാ മാമക യാനമാർഗ്ഗം?
...ട്ടപ്പൂഴ്ക്കണ്ടിലെന്നെക്കുമായിട്ടു
പെട്ടടിയേണമോ കഷ്ടമി ഞാൻ?
നിരിൽക്കുമളയും, പാരിൽക്കുമിളിനും
നേരിൽ ഞാനുററ സഹോദരനോ?
പാഴററ മൃത്യുവിൻ പാദപാതത്തിൽ ഞാ-
നൂഴിയിൽ പ്പൂഴിയായ്ത്തീരേണമോ? 32

തിണ്ണം മരണത്തിൻ പാണികൾ പൂട്ടിയ
കണ്ണിനു വീണ്ടും തുറപ്പില്ലെങ്കിൽ,
ഞാനാകും പൊട്ടമൺ പിണ്ഡത്തിലെ
[ന്തിനി
നാനാലങ്കാരങ്ങൾ ചെയ്തു ദൈവം?
ഞാനാകും പുല്ലിലനഘരത്നങ്ങളെ
മാനമില്ലാതെ വലിച്ചെറിഞ്ഞു? 38

സങ്കല്പ മാത്രത്താൽ വിൺ നരകങ്ങളെ
കൺ മുമ്പിൽ തന്നെ ചമപ്പവൻ ഞാൻ
വിണ്ണവർകോനെയും ദേവ ഗണത്തെ
[യും
മുന്നിൽ വരുത്തിത്തരത്തുവോൻ ഞാൻ.
ജ്ഞാന വിചിത്ര വിളക്കിൻ വെളിച്ചത്തി
[ൽ
നൂനം വിളക്കുവോൻ സവ്വവും ഞാൻ.44

ഈരേഴുലകിനും നാരായ വേരായ
കാരണ ബ്രഹ്മപ്രകാണ്ഡത്തെയും,
അംബരം കീഴോട്ടു വിഴാതെ താങ്ങുമ-
ദംഭിക ശക്തി പ്രഭാവത്തെയും,
ചിന്തയാം ദൂരദശിനിയിൽക്കൂടി
സന്തതം കണ്ടു രസിപ്പവൻ ഞാൻ. 50

വാനാം ഗ്രഹത്തിലെത്താരകച്ചെങ്ങാതി
മാരൊത്തൊളിച്ചു കളിക്കുവാനും,
ശ്രീ വളത്തിങ്കൾത്താലത്തിൽ തുളുമ്പുന്ന
ലാവണ്യപ്പാൽ നുകരുവാനും,
പ്രത്യക്ഷപ്പെത്തലോടൊത്തിന'പട്ടു
[ത്തെ
പ്രത്യഹം വാനിൽപ്പറപ്പിക്കാനും,
ഭാവന വ്യോമവിമാനത്തിലേറി ഞാൻ
ധാവനം ചെയ്യുന്നു നാളിൽ നാളിൽ 58

ഭക്തി, വാത്സല്യാനുരാഗ, സ്നേഹൽ ഭാ
മുഗ്ദ്ധവർണ്ണങ്ങളിൽ നൂററെടുത്ത [വ,-
ദിവ്യാമലപ്രേമതന്തുവാൽ--അജ്ഞഗൽ-
ഭവ്യാഭി വന്ദ്യമാം വസ്തുവിനാൽ,
ചുററുമോരോരോ മഹാശയരോടെന്നെ
ചുററി ബന്ധിച്ചുറപ്പിക്കുന്നു ഞാൻ. 64

അല്ലല്ല, മൃത്യുവാം പാറയിൽത്തട്ടി ഞാൻ
നില്ലാ തുടയേണ്ട കപ്പലല്ല.
പ്രേതകുടീരത്തിലിഞ്ഞാനൊരു പിടി-
പ്പൂഴിയായ്ത്തീരേണ്ട വസ്തുവല്ല. 68

അമ്പോ മഹാത്ഭുതം! 'നിത്യത'യെന്നു
[ള്ളോ-
രമ്പോമമ്മതൻ പൊന്മകൻ ഞാൻ.
'നാശമില്ലായ്മ'യാം ദിവ്യാന്തരിക്ഷത്തിൽ
വീശിന കൈവല്യ രശ്മിയും ഞാൻ.
അഗ്ദ്രുഹീന പ്രകാശിതരമ്യമാം [ൻ. 74
സൽഗ്ഗുസായം പ്രഭാ പുഞ്ജവും ഞാ

ക്ലാന്തിവിഹീനമാം പക്ഷം വിരിച്ചു ഞാൻ
ശാന്തി വിഹായസ്സിൽ സഞ്ചരിക്കെ,
അമ്പില്ലാതാരോമൽ പക്ഷമരിഞ്ഞൊരു
മൺപിണ്ഡഭാരവും കെട്ടിത്തൂക്കി
സംഭവ സങ്കട വങ്കടൽ മദ്ധ്യത്തിൽ
സാമ്പ്രതമാരോതു വലിച്ചെറിഞ്ഞു. 80

ആദ്യന്തഹീനമാം സൗരയൂഥത്തിൽ ഞാ-
നാശ്രാന്തയാനം തുടന്നുകൊൾകെ,
സാഹസം, സാഹസം, ആരോ നിബ
[ന്ധിച്ചു
ദേഹമാം പഞ്ജരം തന്നിലെന്നെ.
ചെന്നുററ സ്വാതന്ത്ര്യ ദേവകുമാരനെ
റാണൊത്തുമങ്കിലടച്ചുപൂട്ടി. 86

ഭദ്രസനാതന സിന്ധുവിലിച്ചപോൽ
സദ്രസം നീന്തിക്കളിച്ചു നിൽക്കെ,
ദുസ്സഹം ഭാവ ഭരിത ഗത്തത്തിൽ ഞാൻ
നിസ്സഹായാ കുലം വീണുപോയി. 90

ദേഹമാം യാതനാ ഗേഹത്തിലിങ്ങനെ
ദേഹി ഞാനൊട്ടുനാൾ വാണൊടുവിൽ
ഇപ്പുഴക്കൂടു വിരിഞ്ഞു വിചിത്രമാം
പുത്തൻ ചിറകുകളാന്നു വീണ്ടും

ചാവും പിറപ്പുമില്ലാത്തുള്ള നാട്ടിലേ-
യ്ക്കാവുന്ന വേഗം പറന്നു ചെല്ലും.
മൃത്യുവാം മസ്തകഗിരിമേൽ കരേറി ഞാൻ
നിത്യാന്തരീക്ഷത്തിലാഞ്ഞുയരും. 98

ശത്രുവല്ലാക്കിൽ മരണം; എനിക്കുററ
മിത്രമാണെ;ന്യഥാ ശങ്കിച്ചു ഞാൻ.
മൃത്യുവേ, വെൽക നീ; പ്രാണോപകാ
[രിയും
മർത്ത്യന്നൊരേകാന്ത ബന്ധുവും നീ.
പ്രാരബ്ധസിന്ധുവിൽ മുങ്ങും മനുഷ്യനു
കാരുണ്യ ഹസ്തങ്ങൾ നീട്ടുന്നു നീ.
കായാഗ്നികുണ്ഡത്തിൽ വേവുന്നവ
[ർക്കൊക്കെ
നിയാണു നിർവ്വാണ സന്ദായകൻ.
ഭാവത്തുറങ്കിൽനിന്നേറുമലിവാലെ
ജീവികൾക്കേകുന്നു മോചനം നീ.
നഷ്ടസൌഭാഗ്യങ്ങളുത്രയും വീണ്ടെടു-
ത്തിഷ്ടദാനം ചെയ്തുകൊള്ളുന്നു നീ.
വെൽക നീ, വെൽക നീ, നീണാൾ;
[ഭവാനെന്നെ
പുൽകാവൂതാക വിളംബമെന്യേ. 112

എത്രയോ ദൂരെസ്പുരിക്കു മുഗ്ദ്ധക്കളേ
ചിത്രം സ്മരിക്കുന്നു നിങ്ങളെന്നെ.
അല്ലെങ്കി,ലെൻ നേക്കു നോക്കിത്തെരു
[തെരെ
പ്പുഞ്ചിരിക്കൊള്ളുന്നതെന്തു നിങ്ങൾ?
പോകൊല്ല, പോകൊല്ല, വന്നു കഴിഞ്ഞു
[ഞാൻ
വൈകില്ല നിൽക്കണെ തെല്ലുകൂടി.
നീല വിശാല വിൺ മുററത്തു മല്ലടി
ലീലകളാടാം നമുക്കു വീണ്ടും. 120

കാർ മുകിൽ ചൂടിയ നേത്രാഭിരാമമാം
പാർവ്വളർ വില്ലേ വരുന്നു ഞാനും. 122

ഉന്നതാകാശപ്പരപ്പിലനുക്ഷണം
മിന്നിപ്പൊലിയുന്ന വിദ്യുല്ലതേ,
നിൽക്കണെ, ഭാവബന്ധങ്ങളുവേത്തു ഞാ-
നൽഗ്ഗമിച്ചങ്ങു വരും വരേക്കും. 126

---

# മിസ്റ്റിസിസവും ആധുനിക ഭാഷാപദ്യസാഹിത്യവും

By. V. K. Kunjan
*Class II*

ജീവിതവ്യഗ്രത വർദ്ധിക്കുകയും വിശ്രമസമയം കുറയുകയും ചെയ്യുതോടുകൂടി മനുഷ്യന്റെ ദൈനന്ദിനജീവിതരീതിക്കു വന്ന സമൂലപരിവർത്തനം അവന്റെ സാഹിത്യത്തിലും ചില സാരമായ മാററങ്ങൾക്കു നിദാനമായി. കുറഞ്ഞസമയംകൊണ്ടു കൂടുതൽ കാര്യങ്ങൾ ചെയ്തുതീർക്കുവാനുള്ള ആശയും, ചെയ്തുതീർക്കേണ്ടതായ ആവശ്യവും കൂടി ഒത്തൊരുമിച്ചപ്പോൾ വലിയ വലിയ മഹാകാവ്യങ്ങളും നീണ്ടുനീണ്ട നോവലുകളും വായിച്ചു കാര്യംമനസ്സിലാക്കി രസിക്കാൻ മനുഷ്യനു ക്ഷമയും സമയവുമില്ലാതായി. തന്മൂലം ലോകത്തിലെ എല്ലാ സാഹിത്യങ്ങളിലും ഖണ്ഡകവിത, ചെറുകഥകൾ മുതലായി നവംനവങ്ങളായ പ്രസ്ഥാനങ്ങൾക്കു പ്രാധാന്യവും പ്രചാരവും സിദ്ധിച്ചു. കൂടാതെ ശാസ്ത്രീയങ്ങളായ കണ്ടുപിടുത്തങ്ങളുടെ ദ്രുതഗതിയിലുള്ള പുരോഗമനം, വിദൂരങ്ങളായ ദേശങ്ങളെ തൊട്ടു അയൽപക്കങ്ങളും വിദേശികളെ തൊട്ടു അയൽപക്കക്കാരുമാക്കിത്തീർത്തു. ഇങ്ങനെ ഭിന്നദേശീയരും ഭിന്നവർഗ്ഗക്കാരുമായ മനുഷ്യർ തമ്മിലുള്ള വേഴ്ച അന്യോന്യം ആശയവിനിയമനത്തിനും തദ്വാരാ അവരവരുടെ സംസ്കാരത്തിലും സാഹിത്യത്തിലും ചില "കൈമാററ"ങ്ങൾക്കും സംഗതിവരുത്തി. കൈരളിയും ഇതിനു വ്യത്യസ്തയായിരുന്നില്ല. പക്ഷേ ദരിദ്രയായ കൈരളിയെ സംബന്ധിച്ചിടത്തോളം കൈമാററത്തിനു വകയുണ്ടായിരുന്നോ എന്നു സംശയമാണ്; അതായതു വാങ്ങിക്കാനല്ലാതെ കൊടുക്കാൻ അവൾക്കു പ്രാപ്തിയുണ്ടായിരുന്നില്ല. പക്ഷേ കടംകിട്ടിയ വസ്തു കഴിയുന്നവിധം കൈകാര്യം ചെയ്യുന്നതിൽ കൈരളി ആലസ്യം കാണിച്ചിരുന്നില്ല.

ആധുനികകാലത്തു മലയാളം കടം വാങ്ങിയിട്ടുള്ളതു് ഒട്ടു മുക്കാലും ഇംഗ്ലീഷിൽനിന്നും ബംഗാളിയിൽനിന്നും ആണെന്നുള്ളതിനു പക്ഷാന്തരമില്ല. ആംഗലസാഹിത്യവുമായുണ്ടായ സമ്പർക്കം ഭാഷയിലെ ഗദ്യത്തേയും വംഗസാഹിത്യവുമായുണ്ടായ വേഴ്ച ഭാഷയിലെ പദ്യസാഹിത്യത്തേയുമാണ് പ്രധാനമായി പരിപോഷിപ്പിച്ചിട്ടുള്ളതു്. കുറച്ചുനാളായി ഭാഷാപദ്യസാഹിത്യത്തിൽ കണ്ടുവരുന്ന പല പുതിയ പുതിയ പ്രസ്ഥാനങ്ങൾക്കും, പരിവർത്തനങ്ങൾക്കും സൂത്രധാരത്വംവഹിക്കുന്നതു് ബംഗാളിയാണെന്നുള്ളതു തർക്കമററ സംഗതിയത്രെ. ഇങ്ങനെ ബംഗാളിയുമായിട്ടുള്ള സമ്പർക്കംമൂലം ഭാഷാപദ്യസാഹിത്യത്തിലേക്കു സംക്രമിച്ചിട്ടുള്ള ഒരു നവീനപ്രസ്ഥാനമാണു "മിസ്റ്റിസിസം" (Mysticism) അല്ലെങ്കിൽ "ഗൂഢാർത്ഥ കവിതാപ്രസ്ഥാനം". എന്നാൽ മിസ്റ്റിസിസത്തിനു ഇന്നു ഭാഷയിലുള്ള നിലയും വിലയും കണക്കാക്കുന്നതിനും, ഭാവിയിലെങ്കിലും അതു് അഭിലഷണീയമായ ഒരു നവീനപദ്യസാഹിത്യസരണിയായി പ്രശോഭിക്കുവാൻ ന്യായമുണ്ടോ എന്നു പരിശോധിക്കുന്നതിനും മുൻപായി മിസ്റ്റിസിസം എന്നാൽ എന്താണെന്നു് അല്പം വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

(Realisation of Infinite through finite) നിത്യവും പരിമേയവുമായ ബാഹ്യലോകത്തിൽകൂടി അനിത്യവും അപരിമേയവുമായ ഒരു പരാശക്തിയുടെ സത്ഭാവത്തെ കണ്ടറിയുക എന്നതാണ് മിസ്റ്റിസിസത്തിന്റെ ഏതാണ്ടൊരു വിവരണം. മിസ്റ്റർ Andrew Seth Pringle-Pathison, M A. LL D, D. C. L, F. B. A. തന്റെ ഒരു ലേഖനത്തിൽ മിസ്റ്റിസിസത്തെപ്പററി പറയുന്നതു നോക്കുക:— "Mysticism, a phase of thought, or rather, of feelings, which from its very feature is hardly susceptible of exact definition. It appears in connection with the endeavour of the human mind to grasp the divine essence or the ultimate reality of things and to enjoy the blessedness of actual communion with the Highest." ഇതിന്റെ ഒരു ഏകദേശവിവർത്തനം ഇങ്ങിനെയായിരിക്കും. ദിവ്യങ്ങളായ വികാരങ്ങളുടെ അഥവാ ആത്മിയാനുഭവങ്ങളുടെ ഒരു ആവിഷ്കരണമാണ് മിസ്റ്റിസിസം. സത്യത്തെ—യാഥാർത്ഥ്യത്തെ—അഥവാ ചൈതന്യസാരത്തെ കണ്ടു് എത്തുവാനും തൽസാമിപ്യത്തിൽ പരമാനന്ദം പ്രാപിക്കുവാനും വെമ്പുന്ന ഒരു മനുഷ്യഹൃദയത്തിലുണ്ടാകുന്ന വികാരങ്ങളുടെ വാഗ്രൂപേണയുള്ള ബഹിർസ്ഫുരണമാണു മിസ്റ്റിസിസം. അതിനെ വിവരിക്കുക എന്നതു ക്ഷിപ്രസാദ്ധ്യവുമല്ല.

മിസ്റ്റിസിസത്തിന്റെ ലക്ഷണം എന്തുതന്നെയായിരുന്നാലും ഇപ്രകാരമുള്ള ദിവ്യരഹസ്യാവിഷ്കരണതന്ത്രം ഒരു പ്രത്യേകകാലത്തുള്ളതെന്നോ ഒരു പ്രത്യേകജനതയ്ക്കുള്ളതെന്നോ പറയുവാൻ പാടില്ല. അതു സാർവ്വജനീനവും, സാർവ്വ

കാലികവുമാണ്. മനുഷ്യന്റെ ബുദ്ധി എന്നു മുതൽ പ്രവർത്തനക്ഷമമായോ അന്നുതൊട്ടു ബാഹ്യമായ—ഇന്ദ്രിയഗോചരമായ—ലോകത്തിൽനിന്നും വിട്ട് അതീന്ദ്രിയമായ ഒരു ശക്തി വർത്തിക്കുന്നുണ്ടെന്നുള്ള വിശ്വാസം അവനിൽ വേരൂന്നി; ആ ചിച്ഛക്തിയെ കണ്ടെത്തുവാൻ അവൻ പരിശ്രമിച്ചു. ലോകത്തിൽ നാം കാണുന്ന സുന്ദരവസ്തുക്കൾ ആ പരാശക്തിയുടെ സൃഷ്ടിസമൂഹങ്ങളാണെന്നുള്ള ദൃഢബോധം, സർവ്വേശ്വരനെ സൌന്ദര്യമൂർത്തിയായി സങ്കല്പിക്കാൻ മനുഷ്യനെ സന്നദ്ധനാക്കി. ഹൈന്ദവവേദാന്തഗ്രന്ഥങ്ങൾ മാത്രമല്ല, മററു സകല മതഗ്രന്ഥങ്ങളും മുൻപറഞ്ഞ പരമാർത്ഥത്തിനു സാക്ഷ്യംവഹിക്കുന്നു.

നാം കവിതയിൽ മിസ്റ്റിസിസം കാണുന്നതു്, കവി സത്യസാരത്തെ അഥവാ സൌന്ദര്യസ്വരൂപത്തെ കണ്ടെത്തുവാൻ യത്നിക്കുന്ന ഒരു വേദാന്തികുടി ആകുമ്പോഴാണ്. ഇന്ദ്രിയഗോചരമാകുന്ന ബാഹ്യലോകസൌന്ദര്യം വഴി അതീന്ദ്രിയമായ ഒരു സൌന്ദര്യധാമത്തിന്റെ സത്ഭാവത്തെ കണ്ടറിയുന്ന കവിഹൃദയം ആനന്ദപുളകിതമാകുന്നു. ഇങ്ങനെ അപൂർവ്വം ചില അവസരങ്ങളിൽ കവിയുടെ അന്തർനേത്രങ്ങൾക്കു വിഷയമാകുന്ന ആ അലൌകികസൂക്ഷ്മാവിശേഷത്തെ അഥവാ സംസ്കൃതമായ കവിഹൃദയത്തിന് അനുഭവിക്കുവാൻ സാധിക്കുന്ന ആ പരമാനന്ദഭാരത്തെ വാഗ്രൂപേണ വിവരിക്കുവാൻ യത്നിക്കുന്ന ഒരു അസാദ്ധ്യശ്രമമത്രെ മിസ്റ്റിക്ക്കവിത.

കവി ഒരു പ്രത്യേകലോകത്തിലെ ജീവിയാണ്. കാണുന്ന വസ്തു ഒന്നാണെങ്കിലും കവികളും സാധാരണന്മാരും കാണുന്നതു രണ്ടുതരത്തിലാകുന്നു. ബാഹ്യലോകത്തിലെ സുന്ദരപദാർത്ഥങ്ങൾ സാധാരണന്മാരുടെ ഹൃദയത്തിൽ താൽക്കാലികമായ ഒരു സന്തോഷത്തെ സഞ്ജാതമാക്കിയേക്കാം. എന്നാൽ കവിഹൃദയത്തിൽ അവ ചിരസ്ഥായിയായ പ്രതിബിംബത്തെ നിർമ്മിക്കുന്നു. പക്ഷേ സൌന്ദര്യാസ്വാദനോന്മുഖമാകുന്ന കവിഹൃദയം ആദ്യകാലങ്ങളിൽ പദാർത്ഥങ്ങളുടെ ബാഹ്യസൌന്ദര്യത്തെക്കണ്ട് ആനന്ദിക്കുന്നതിനു മാത്രമേ ശക്തമാകുന്നുള്ളു. ഈ ബാല്യഘട്ടത്തിൽ ഉണ്ടാകുന്നതാണു വർണ്ണനാപരങ്ങളായ കാവ്യങ്ങൾ അഥവാ കവിതകൾ.

"കുളിയതു പൊഴുതേകഴിഞ്ഞ കൊ- [ണ്ടൽ-
ക്കുളിർകുഴലാളുടെ കോമളാമലാംഗം
ഒളിവിതറി മിനുക്കുവേല തീരും
ലളിത സുവർണ്ണ ശലാകയെന്നപോ- [ലെ"

എന്ന പദ്യം ഈ ഘട്ടത്തിലുണ്ടാകുന്ന കവിതകൾക്ക് ഉത്തമോദാഹരണമാണ്. എന്നാൽ ക്രമേണ കവിയുടെ ചിന്താശക്തി വിശാലവും സൂക്ഷ്മാവലോകനം വിപുലവുമായിത്തീരുന്നു. അപ്പോഴാണു സാധാരണന്മാരുടെ കണ്ണിൽ നിസ്സാരങ്ങളായിത്തോന്നുന്ന വസ്തുക്കളിൽ കവി സാരങ്ങളായ തത്വങ്ങളെ കണ്ടെത്തുന്നതു്. അസുന്ദരങ്ങളായി മററുള്ളവർക്കു തോന്നുന്നവ കവിക്കു സുന്ദരങ്ങളായി തോന്നുന്നു. വാടിവീണ പൂവിലും, കീറിപ്പറിഞ്ഞ തലയിണയിലും അടങ്ങിയിരിക്കുന്ന തത്വരത്നങ്ങൾ—സുന്ദരങ്ങളായ ജീവിതരഹസ്യങ്ങൾ—കവിക്ക് ഈ ഘട്ടത്തിൽ കാണുവാൻ കഴിയുന്നു. പക്ഷേ ഇതുകൊണ്ടും തൃപ്തനാകാതെ സൌന്ദര്യസ്വരൂപത്തെ കണ്ടെത്തുവാൻ ഉൽക്കണ്ഠാകുലമാകുന്ന കവിഹൃദയം അവസാനം സൌന്ദര്യത്തിൽ തന്നെ സൌന്ദര്യത്തെ കണ്ടെത്തുന്നു. ഇതാണു കവിഹൃദയത്തിന്റെ പരിപക്വാവസ്ഥ. ഇവിടെയാണു കവിയുടെ അന്തരാത്മാവ് സൌന്ദര്യസ്വരൂപനുമായിട്ടു സല്ലാപം ചെയ്യുന്നതു്. "കവിക്കുണ്ടായിരുന്ന ലൌകികസൌന്ദര്യവിവക്ഷ ആത്മികസൌന്ദര്യപരിധിയിൽ ലയിക്കുന്ന" മിസ്റ്റിക്ക്ഘട്ടമിതാണ്. "കവി സിദ്ധനാകുന്ന വേളയാണതു്." മിസ്റ്റർ Andrew Seth Pringle-Pathison പറയുന്നതു് "God ceases to be an object to him and becomes an experience" എന്നാണ്. അതായതു മുൻപറഞ്ഞ മിസ്റ്റിക്ക്ഘട്ടത്തിലെത്തിയ കവിക്കു, പരാശക്തി ഒരു പദാർത്ഥമായോ, വസ്തുവായോ പ്രത്യക്ഷപ്പെടുകയല്ല, പിന്നെയോ ഒരു അനുഭവമായി രൂപാന്തരപ്പെടുകയാണു ചെയ്യുന്നതു്. താഴെ ഉദ്ധരിക്കുന്ന വരികളിൽ വേഡ്സ്വർത്ത് പറയുന്നതും ഇത്തരം ഒരു അനുഭവത്തെപ്പററിയാകുന്നു.

"And I have felt
A presence that disturbs me with the joy
Of elevated thoughts; a sense sublime
Of some thing far more deeply interfused
Whose dwelling is the light of setting suns
And the round ocean and the living air
And the blue sky, and in the mind of man,
A [illegible]on and a spirit that impels
All thi[illegible]ing things, all objects of all thought
And rolls through [illegible]ll the things."

ഭക്താത്മംസങ്ങളായ കവിരത്നങ്ങളാണ് ഇത്തരം ആനന്ദാനുഭൂതിയ്ക്കു് അർഹന്മാരും ഭാഗ്യവാന്മാരുമായി തീരുന്നതു്. ആംഗലസാഹിത്യത്തിൽ വേഡ്സ്വർത്തു് ഇത്തരം ചുരുക്കം ചില ഭാഗ്യവാന്മാരിൽ ഒരാളായിരുന്നു. പതിമൂന്നാം ശ[illegible]ത്തിന്റെ ആദ്യഘട്ടത്തിൽ ജീവിച്ചിരു[illegible]ന്ന ജലാലുദ്ദിൻ റൂമി എന്ന പാരസ[illegible]കകവിയുടെ കാവ്യതല്ലജങ്ങൾ "കാർലൈലിന്റെ ഭാഷയിൽ ഇത്തരം Musical thoughts" കൊണ്ടു പരിപൂർണ്ണമായിരുന്നു; തന്റെ ഗൃഹാങ്കണത്തിലുള്ള ഒരു തൂണിന്മേൽ കെട്ടിപ്പിടിച്ചുനിന്നുകൊണ്ട് ആനന്ദഗാനങ്ങൾ ആലാപിച്ചു നൃത്തം വെയ്ക്കുകയായിരുന്നുപോലും അദ്ദേഹത്തിന്റെ പതിവ്. "തത്സമയത്തെ ദിവ്യങ്ങളായ ഉന്മാദങ്ങളെ വാക്കുകളിൽ പകർന്നതാണ് അദ്ദേഹത്തിന്റെ കവിത." ലോകമഹാകവികളിൽ സർവ്വപ്രധാനമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന മഹാകവി രവീന്ദ്രനാഥടാഗോറിന്റെ "ഗീതാഞ്ജലി" എന്ന ലോകപ്രസിദ്ധമായ കൃതി, ഇത്തരം കവിതയുടെ ഒരു ഉത്തമോദാഹരണമാണ്. വംഗഭാഷാസാഹിത്യത്തിൽ "മിസ്റ്റിസിസ"ത്തെ ഒരു പ്രസ്ഥാനം എന്ന നിലയിൽ പരിപോഷിപ്പിച്ചു വളർത്തിയതും, ഭാരതത്തിലെ ഇതരസാഹിത്യങ്ങളിലേക്കു സംക്രമിക്കാൻ ഇടയാക്കിയതും അദ്ദേഹമല്ലാതെ മററാരുമല്ല.

വംഗഭാഷയുമായിട്ടുണ്ടായ പരിചയമാണ് മലയാളത്തിലും മിസ്റ്റിക്കുകവിതയുടെ ആവിർഭാവത്തിനു കാരണമെന്നു പറഞ്ഞുകഴിഞ്ഞു. മി. ശങ്കരക്കുറുപ്പാണെന്നു തോന്നുന്നു ഈ പ്രസ്ഥാനത്തെ സസന്തോഷം കൈകൊടുത്തു ഭാഷാസാഹിത്യരംഗത്തിലേക്ക് ആനയിച്ചതു്. അദ്ദേഹത്തിന്റെ "അന്വേഷണം", "സാക്ഷാൽക്കാരം" മുതലായ ചില കവിതകൾ ഈ പ്രസ്ഥാനത്തെ ഒട്ടൊക്കെ വേണ്ട രീതിയിൽ അനുകരിച്ചിട്ടുണ്ടെന്നും പറയാതെ തരമില്ല.

എന്നാൽ അതിനെത്തുടർന്നു മിസ്റ്റിക്ക് കവിതകൾ എഴുതാൻ തുടങ്ങിയ ഇന്നത്തെ യുവകവികളാണ് ആ പ്രസ്ഥാനത്തെ നാനാവിധമാക്കിയതു്. കാര്യമറിയാവുന്നവർക്കെല്ലാം ഇന്നത്തെ മിസ്റ്റിക്കുകവിതകളോടു് ഒരു അവജ്ഞയാണ്; അതിനു കാരണവുമുണ്ടു്. ഇന്നത്തെ മിസ്റ്റിക്ക്കവിതകൾ വായിച്ചാൽ അതൊരു mistaken കവിതയാണെന്നു ആരും

പറയും. പ്രതിപാദ്യവിഷയമെന്തെന്നോ, എന്തൊക്കെയാണ് കവി പറയുന്നതെന്നോ, വായനക്കാരന് ഒരു തുമ്പും വാലും കിട്ടാത്ത രീതിയിലാണ് കവിതയുടെ പോക്ക്. ലളിതങ്ങളായ പദങ്ങളും രചനാസൌഷ്ഠവവും സാധാരണയായി ഉണ്ടായിരിക്കും. "പാലൊളിപ്പൂനിലാവും", "കുളിരിളംകാററും", "അങ്കണവാടിയും", "തരളതാരകളും", "തങ്കവും ഓമനയും" ഒട്ടു മുക്കാലും കവിതകളിൽ സുലഭമാണ്. ആകപ്പാടെ ആഹാര്യശോഭകൊണ്ടുള്ള ഒരു "ലളിതകോമളചളപളത്വം" ആണ് അതിന്റെ ലക്ഷണം. കഴമ്പ് ഒന്നുമുണ്ടായിരിക്കുകയില്ല; ഒന്നുമുണ്ടായിരിക്കുകയില്ലെന്നു പറഞ്ഞാൽ, ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല എന്നു സാരം.

എന്നാൽ അർത്ഥഗ്രഹണത്തിനു വൈഷമ്യം നേരിടുന്നതു വായനക്കാരൻ അപണ്ഡിതനായിട്ടാണ് എന്ന് ആരും ധരിക്കരുത്. പണ്ഡിതനായാലും ഫലമിതുതന്നെ. വായനക്കാരുടെ കഥ പോകട്ടെ എഴുതുന്ന കവിക്കു തന്നെ എന്താണെഴുതുന്നത് എന്നു നിശ്ചയമുണ്ടെങ്കിൽ മതിയായിരുന്നു. അതും തഥൈവ. എന്നാൽ യഥാർത്ഥ മിസ്റ്റിക് കവിതയുടെ പ്രത്യേകത അതിന്റെ അവ്യക്തതയാണെന്നു ആരും സമ്മതിക്കും. പക്ഷെ അതിന്റെ അവ്യക്തതയ്ക്കു കാരണം കവിയുടെ അജ്ഞതയല്ല, വർണ്ണ്യവിഷയത്തിന്റെ ഗഹനതയാണ്. കവിയുടെ ആന്തരാത്മാവിൽ അനുഭൂതമാകുന്ന ഒരു പരമാനന്ദഭാരത്താൽ ഉന്മത്തനായി തന്നത്താൽ മറന്നു കവി ഗാനാലാപനം ചെയ്യുന്നു. അവിടെ കവിയുടെ വർണ്ണ്യവിഷയം ആനന്ദത്തിന്റെ അടിയുറവ്; അനുഭൂതിയോ ആന്തരാത്മാവിൽ; കവിയുടെ വാക്പാടവം തദ്വിവരണത്തിൽ എന്നും അസമർത്ഥങ്ങളായി തന്നെ ഭവിക്കുന്നു. ഇതാണ് യഥാർത്ഥ മിസ്റ്റിക് കവിതകളുടെ അവ്യക്തതയ്ക്കു കാരണം. എന്നാൽ മലയാളത്തിൽ ഇന്നു ഞാററുവേലയിലെ മഴപോലെ തുരുതുരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മിസ്റ്റിക് കവിതകൾ അവ്യക്തങ്ങൾ ആകുന്നതിനു കാരണം ഈ പറഞ്ഞതൊന്നുമല്ല. അവയിൽ വ്യക്തമാകാൻ ഒന്നും ഇല്ലാത്തതുകൊണ്ടാണ് അവ താനെ അവ്യക്തമാകുന്നത്.

ആലോചനാരഹിതമായ അനുകരണഭ്രമം ഇന്നത്തെ യുവകവികളിൽ മിക്കപേരേയും വഴി പിഴപ്പിക്കുകയാണ് ചെയ്തതു്. മിസ്റ്റിക്കവിത എന്നാൽ എന്തെന്നോ, അഥവാ അത്തരം നിഗൂഢാർത്ഥങ്ങളായ ഗാനരത്നങ്ങളെ താനറിയാതെ പാടിപ്പാടി ആത്മനിർവൃതി കൊള്ളുന്ന അനുഗൃഹീതകവികളുടെ ഭക്തിയും മനഃസംസ്കാരവും എത്രമാത്രം പരിപൂർണ്ണമായ ഒരു പതനത്തിൽ എത്തിച്ചേർന്നിരിക്കുമെന്നോ അല്പം എങ്കിലും മനസ്സിലാക്കാതെ അവ്യക്തതയാണ് മിസ്റ്റിസിസം എന്നു തെററിദ്ധരിച്ചു തുടങ്ങിയ കവിതാപരിശ്രമത്തിന്റെ നിർജ്ജീവസന്താനങ്ങളാണ് ഇന്നത്തെ മിസ്റ്റിക്കവിതകളിൽ ഒട്ടു മുക്കാലും. കവിതയ്ക്ക് അവ്യക്തത അഭേദ്യമെന്നു വന്നുകൂടിയപ്പോൾ കവികൾക്കു തോന്നിയപോലെ എഴുതാൻ ധൈര്യം തോന്നി. കവിതാവിഷയത്തിനും പ്രതിപാദിക്കുന്നതിനും തമ്മിൽ പരസ്പരബന്ധം തന്നെ വേണമെന്നില്ലാതായി.

മലയാളമിസ്റ്റിക്കവിതകളുടെ മറെറാരു വശം കൂടി ഇവിടെ അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്:—

ഉൽക്കടമായ സ്നേഹത്തിന്റെ ഉച്ചഭാവത്തെ കാണിക്കുവാൻ അനുരാഗത്തിനുള്ളതുപോലെ— കാമിനീകാമുകന്മാർ തമ്മിലുള്ള പ്രണയത്തിനുള്ളതുപോലെ—ശക്തി സ്നേഹത്തിന്റെ ഇതരവിഭാഗങ്ങൾക്കില്ലതന്നെ. സുപ്രത്യക്ഷമായ ഈ ഒരു പരമാർത്ഥമായിരിക്കണം, പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ബന്ധദാർഢ്യത്തെ പ്രത്യക്ഷമാക്കാൻ വേണ്ടി, ആ പരാശക്തിയെ കാമിനിയായിട്ടും, ജീവാത്മാവിനെ കാമുകനായിട്ടും കല്പിക്കാൻ മതപ്രവാചകന്മാരെയും ഭക്തോത്തംസങ്ങളായ കവിരത്നങ്ങളേയും പ്രേരിപ്പിച്ചത്. ഈ കല്പനാശക്തിയുടെ ആഭാസമായ അനുകരണംകൊണ്ടുണ്ടായതാണ് ഇന്നത്തെ മലയാള മിസ്റ്റിക്കു കവിതകളിലെ മിസ്റ്റിക് ഓമനയും കാമുകനും. യുവസഹജമായ പ്രേമകഥകളെ പ്രസ്താവിക്കാൻ ഇതൊരു പററിയ വഴിയാണെന്ന് അനുകരണഭ്രാന്തന്മാരായ അത്തരക്കാർ തീർച്ചയാക്കി. പോരെങ്കിൽ തോന്നിയതൊക്കെ പറയാനും, അതേസമയം അന്യർക്കു മനസ്സിലാക്കാതെ കഴിക്കാനും സഹായിക്കുന്ന അവ്യക്തത എന്ന ഒരു മൂടുപടവും കൂടിയുണ്ടല്ലോ. മിസ്റ്റർ സഞ്ജയന്റെ ഫലിതസമ്മിശ്രമായ ഭാഷയിൽ പറയുമ്പോൾ "ഇത്തരം കവിതകൾ എഴുതാനല്ല, എഴുതിത്തുടങ്ങിയാൽ നിർത്തിക്കിട്ടുവാനാണ് പണി." ഇവയിൽ ഒന്നുംതന്നെ യഥാർത്ഥ മിസ്റ്റിക്കവിതകളുടെ ആഭാസരൂപങ്ങൾ പോലും ആകയില്ലെന്നു മിസ്റ്റർ ആർ. ബാലകൃഷ്ണപിള്ള പറയുന്നതു അക്ഷരശഃ പരമാർത്ഥമാണ്.

മലയാളത്തിൽ അഭിലഷണീയമായ ഒരു പദ്യസാഹിത്യസരണിയാണിതെന്ന് ഇന്നത്തെ അതിന്റെ രൂപത്തെ വച്ചുകൊണ്ട് ആരും പറയുകയില്ല. ആശാസ്യമായ ഒരു നവീനപ്രസ്ഥാനമായി ഭാവിയിലെങ്കിലും അതു വളരുവാൻ അവകാശമുണ്ടെന്നും തോന്നുന്നില്ല. ടാഗോറിനെപ്പോലെയുള്ള അനുഗൃഹീതകവികൾക്ക്—പാണ്ഡിത്യവും, ഭക്തിയും, വാസനയും, സംസ്കാരവും ഒരുമിച്ചിണങ്ങുന്ന കവികുഞ്ജരന്മാർക്കു—മാത്രമേ ദുർഗ്ഗമമായ ഈ മിസ്റ്റിക്സരണിയിൽകൂടിയുള്ള സഞ്ചാരം സാധിതപ്രായമാകയുള്ളു. ടാഗോറിനു സമാനധർമ്മാവായിട്ട് ഒരു മഹാകവി ഇന്നു മലയാളത്തിലില്ല. ഉണ്ടാകുന്ന കാലത്തു യഥേഷ്ടം ഈ സാഹിത്യശാഖ വളർന്നുകൊള്ളട്ടെ. സാധാരണ കവികൾക്കെല്ലാം, സാധാരണമായ കവിതാപദ്ധതികളാണ് സുഗമവും, സുഖകരവും. അതുകൊണ്ട് ഇന്നത്തെ കൈരളീഭക്തന്മാരായ യുവകവികൾ, ആശയങ്ങളെ നല്ലപോലെ വ്യക്തമാക്കി കവിത എഴുതുന്നതായാൽ ഭാഷയ്ക്കും അവർക്കും അതൊരനുഗ്രഹമായിരിക്കും.

# വിരഹിണി

(കാ. പ. ഉണ്ണിനമ്പൂതിരിപ്പാട്, ക്ലാസ്സ് I)

ഇത്രമേൽ പരിഹാസ -
[പൂർണ്ണമോ ജഗത്തെന്നു
നാളിതുവരെത്തെല്ലു-
[മോർത്തതില്ല ഞാൻ, കഷ്ടം!
ഇല്ലൊരിടത്തും കാണ്മാൻ
പരിഹാസത്തിൻ വെള്ളു-
പ്പുഞ്ചിരിയല്ലാതനു
[കമ്പ തൻ കണം പോലും!

ലോകമേ! മതി, മതി,
നിൻ ധാർഷ്ട്യ: മൊരു പക-
ലുണ്ടെങ്കിലൊരു രാത്രി
നിശ്ചയമോർത്താലും, നി.
വീചികളാകും കൊച്ചു
ചുണ്ടുകൾ വിടുർത്തിയും-
കൊണ്ടതാസരിത്തുകൾ
പുഞ്ചിരി പൊഴിക്കുന്നു.

മേഘനാരികളൊത്തു
കളിക്കും കള്ളൻ ചന്ദ്ര-
നല്ലയോ ചിരിക്കുന്നു
വാനിൽനിന്നെന്നെ നോക്കി?
പൂക്കളാം ചെറുദന്ത
പംക്തികൾ കാട്ടിനിത്യം
മുല്ല വള്ളികളെന്നെ
പുച്ഛിച്ചു പോരുന്നില്ലേ?
കാററതാ പരത്തുന്നു
ദിക്കെങ്ങുമീ വൃത്താന്തം;
വൃക്ഷക്കൂട്ടങ്ങൾ മന്ദം
കപ്പുന്നു ചിരിച്ചുടൻ.
കൂററനായ് നില്ക്കും കേര
വൃക്ഷങ്ങൾ തലയാട്ടി-
ക്കാട്ടുന്നു പല പല
ഗോഷ്ഠികളെന്നെക്കണ്ടു.
ഒന്നു ഞാൻ ചോദിക്കട്ടെ:
ഭൃംഗമേ, പരനിന്ദാ-
പൂർണ്ണമല്ലയോ നിൻെറ
പാട്ടുകളെല്ലാം തന്നെ?
എന്തിനു പുലമ്പണമധികം?
പരിഹാസ-
പാത്രമായ്ച്ചമഞ്ഞു ഞാൻ
ഇക്രൂരലോകംമുമ്പിൽ!
.... .... .... ....
അല്ലായ്കിൽ, മതിയായി-
ല്ലായിരിക്കാമീലോക-
ത്തിന്നൊരു വനിതയെ—
സാധുവാമബലയെ—
എന്നെയിവിധം ദുഃഖ-
ത്തിന്നിരയാക്കിട്ടൊട്ടു-
മെങ്കിലാവട്ടെ, ഹാസ
ന്ത്രങ്ങൾ തുടരട്ടെ?

എൻ പ്രാണേശ്വരനെന്നെ
വഞ്ചിച്ചതിന്നായിട്ടാ-
ണിജ്ജഗത്തെന്നെ നോക്കി-
പ്പുച്ഛിപ്പതെങ്കിൽ, കഷ്ടം!

ഓരോരോ ദിവസവു-
മെത്ര വൻചതികളാ-
ണിപ്പാരിൽ നടപ്പതെ-
ന്നാരറിയുന്നുണ്ടാവാം?
പട്ടുടയാട ചാർത്തി
പശ്ചിമാംബരദേവി
പതിവായ് തന്നെ പ്രേമ-
ത്തോടടുക്കിലും, സൂര്യൻ,
അസ്സാദ്ധ്വീമണിയാളെ
ലേശവും ശങ്കിക്കാതെ
വിട്ടതാ സമുദ്രത്തെ .
പുൽകുവാൻ കുതിക്കുന്നു!
പ്രകൃതിനിയമങ്ങ
ളായവ; തടുക്കുവാ-
നാവതല്ലൊരിക്കലു-
മേതുവൻമനുഷ്യനും.

ആരുമില്ലെന്നോ, കഷ്ടം! വിസ്തൃത
[ജഗത്തിതി-
ലിത്തിരി സഹതാപ
മെൻെറ നേക്കയക്കുവാൻ?
മാലുകൾ പലവിധ
മിമ്മന്നിലൊരുനാരി-
ക്കോരോരോ നിമിത്തങ്ങ
ളാലുളവാകാമെന്നാൽ
ആയവയൊക്കെത്തന്നെ
സഹിക്കാം: പരിഹാസം-
വയ്യ വയ്യതിൻ കൂർത്ത
മുള്ളുകളേൽക്കാൻ, നൂനം.
തോന്നാറുണ്ടെനിക്കപ്പോൾ:
"എൻ ചുമലിങ്കൽ നിന്നി-
ജ്ജീവിതക്കെട്ടുംചുമ-
ടിറക്കാൻ കഴിഞ്ഞെങ്കിൽ!
ആരെയുമേതും കൂസാ-
താരിലും തന്നിഷ്ടം പോൽ
ചെല്ലുമ 'തെക്കൻകാററാ'-
ണെൻെറനേക്കടിച്ചെങ്കിൽ!"



# നാസിക

(ഒരു ആത്മകഥാകഥനം)

എന്നെ സാധാരണ ജനങ്ങൾ മൂക്ക് എന്നു വിളിച്ചുവരുന്നു. സകല ജീവികളുടെയും ശരീരത്തിലെ ഒരു പ്രധാനമർമ്മമായ എൻെറ പ്രാധാന്യവും പ്രസിദ്ധിയും ഗണിച്ച്, ഇന്നു ഗ്ലാഡ്സ്റ്റൺ, ഗാന്ധി തുടങ്ങിയുള്ള നാമങ്ങൾ ശിശുക്കൾക്കു നല്കിവരുന്നതുപോലെ മനുഷ്യർ എൻെറ പേര് അജീവസാധനങ്ങളുടെ മർമ്മസ്ഥാനങ്ങൾക്കും നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എൻെറ മിത്രങ്ങളായ കണ്ണ്, കൈയ് മുതലായ നാമങ്ങളും അവക്കു സ്വീകാര്യങ്ങളാണ്. എൻെറ സുഹൃത്തുക്കളായ നയനം, അധരം മുതലായവക്കു കിടപിടിക്കത്തക്കതായി പങ്കജം, കുവലയം, കരിമീൻ, ചെന്തൊണ്ടി, തളിരു മുതലായ പലരേയും കവികൾ കണ്ടുപിടിച്ചിട്ടുണ്ട്. എന്നോടു സാമ്യംവഹിക്കുന്ന അധികമാരെയും കണ്ടെത്താൻ അവക്കു സാധിച്ചിട്ടില്ല. ആരോ ഒരാൾ എന്നെ ഒരു എള്ളിൻതാരിനു തുല്യനാക്കിയിട്ടുണ്ട്. മററു ചിലർ ഹാസ്യമായി എന്നെ പാറപ്പുറത്തു സ്ഥിതിചെയ്യുന്ന ഓന്ത് എന്നും വിളിക്കാറുണ്ടെന്നു കേൾക്കുന്നു. എന്നാൽ ഇതൊന്നും ഞാൻ ഇഷ്ടപ്പെടുന്നില്ല; നിരുപമനായിരിക്കണമെന്നാണല്ലോ ഉൽക്കൃഷ്ടവായ ഏതൊരുവൻെറയും ആഗ്രഹം. തന്നെയല്ലാ, ചതുർഹസ്തൻ, മുക്കണ്ണൻ മുതലായവരെപ്പോലെ ഒരു ത്രിമൂക്കനെങ്കിലും ഇല്ലാതിരിക്കുന്നത് എൻെറ വ്യക്തിമാഹാത്മ്യത്തെയല്ലാതെ മറെറന്തിനെയാണു സൂചിപ്പിക്കുന്നത്? വിശേഷിച്ചും ഒരെള്ളിൻതാര് എന്നു പറഞ്ഞാൽ എൻെറ മാഹാത്മ്യത്തിൻെറ ഒരു സഹസ്രാംശമെങ്കിലും മനസ്സിലാക്കാൻ നിങ്ങൾക്കു സാധിക്കുമോ? അതിനാൽ എന്നെക്കുറിച്ചു അധികമൊന്നും കേട്ടിരിക്കാൻ ഇടയില്ലാത്ത നിങ്ങളുടെ അറിവിനായി ഞാൻ തന്നെ എൻെറ ചരിത്രം ചുരുക്കമായി പറഞ്ഞുകൊള്ളുന്നു.

എനിക്കു മനുഷ്യൻെറ എന്നല്ല നാല്ക്കാലികളുടെ പോലും മുഖത്തുള്ള സ്ഥാനം ചില്ലറയൊന്നുമല്ല എന്തെന്നാൽ കന്നുകാലികളെ വാങ്ങുന്നവർപോലും നാസാരന്ധ്രങ്ങളുടെ ലക്ഷണം നോക്കുന്നതു സാധാരണമാണ്. മനുഷ്യവദനത്തിൽ എൻെറ വില കല്പിക്കാൻ ഇന്നാരുണ്ട്? ഞാൻ ഒരു ഉദ്ഗന്ധനും എൻെറ ജന്മദേശം (ഫാലദേശത്തിൽനിന്നാണല്ലോ ഞാൻ ഉത്ഭവിച്ചിരിക്കുന്നത്) വിസ്തൃതവുമായിത്തീർന്നാൽ മാർത്താണ്ഡവർമ്മയെപ്പോലുള്ള മഹാന്മാർ ഉളവാകുന്നു. അല്ല, നേരമറിച്ച് ഞാൻ ലഘുവായി അഗ്രം വികസിച്ച് ഒരെള്ളിൻതാരുപോലെ— ഇഷ്ടമില്ലെന്നു പറഞ്ഞതുതന്നെ സ്വീകരിക്കേണ്ടി വന്നതിൽ വ്യസനിക്കുന്നു — ആണെങ്കിൽ ഒരു സുന്ദരിയെയും സൃഷ്ടിക്കുന്നു. അതേ എൻെറ ഒരു ചലനശക്തിയിൽപെട്ടു എത്ര കാമുകന്മാരാണു വലയുന്നത്. സൗന്ദര്യതുലനത്തിൽ സർവ്വസമ്മതമായ ഒരു തോതാണു ഞാൻ. അടുത്ത സ്ഥാനം എൻെറ ആത്മമിത്രമായ നയനം വഹിക്കുന്നു. ഞങ്ങൾ രണ്ടുപേരും പ്രസാദിക്കുകയാണെങ്കിൽ ഞങ്ങളാൽ അനുഗ്രഹിതമായ രൂപത്തിനു ലോകമൊട്ടാകെ മയക്കാനും ഒരു പ്രയാസമില്ല. പക്ഷെ, ഞാനും നയനവും തമ്മിലുള്ള ബന്ധം നിങ്ങൾക്കു നല്ലപോലെ അറിഞ്ഞുകൂടായിരിക്കാം. പറയാം.

അനാദികാലമായി ഞങ്ങൾ സമീപസ്ഥരാണല്ലോ. അതുകൊണ്ടോ എന്തോ, ഞങ്ങൾ തമ്മിൽ എന്തെന്നില്ലാത്ത ഒരു ബന്ധം ഉളവായിട്ടുണ്ട്. എ

ന്റെ ആത്മമിത്രം ഏതെങ്കിലും വൈഷമ്യത്താൽ അശ്രു പൊഴിക്കുന്നതായാൽ കൂടെ ഞാനും പൊഴിക്കയായി. അതുപ്രകാരം തന്നെ ശരീരത്തിലെ മറ്റെല്ലാ അംഗങ്ങളെയും അപേക്ഷിച്ച് എന്റെ വേദനയ്ക്കാണ് അവർ ക്ഷിപ്രം കണ്ണുനീർ വാർക്കുന്നത്. മനുഷ്യരൂപലാവണ്യത്തിൽ ഞങ്ങളുടെ സംയോജകഭാഗം മുൻ സൂചിപ്പിച്ചല്ലോ. ഇത്ര ഉററബന്ധുക്കളായ ഞങ്ങൾതമ്മിൽ ചില വഴക്കുകളും ഉണ്ടാകാതിരുന്നിട്ടില്ല. പണ്ടു കണ്ണടയുടെ അവകാശം സംബന്ധിച്ചു ഞങ്ങൾ ഒരു വലിയ വ്യവഹാരം നടത്താനിടയായിട്ടുണ്ട്. കണ്ണട എന്റേതാണെന്നു ഞാനും കണ്ണിന്റേതാണെന്നു കണ്ണും വാദിച്ചു. ഒടുവിൽ ഞങ്ങൾ യോജിച്ചു രാജിയാകുകയാണു ചെയ്തത്. എന്തെന്നാൽ വളരെക്കാലത്തെ കൈവശാവകാശം എനിക്കുണ്ടെങ്കിലും മേല്പോട്ടു ചെന്നാൽ വ്യവഹാരം എനിക്കു മോശമായിട്ടേ കലാശിക്കൂ എന്നാണു നിയമപരിചയമുള്ള പല വക്കീലന്മാരോടും ആലോചിച്ചതിൽ പറഞ്ഞത്. നിങ്ങൾ കണ്ണിനോടു ഇതൊന്നും പറകയില്ലെന്നു വിശ്വസിച്ചാണ് ഇത്രയും തുറന്നു പറഞ്ഞത്. വല്ല കുണ്ടാമണ്ടിക്കും നയനം വീണ്ടും തുനിയുകയാണെങ്കിൽ അന്തഃഛിദ്രമല്ലേ ഉണ്ടാകുന്നത്.

ഇനിയും എന്റെ വൃത്താന്തങ്ങളെ തുടരുകയാണെങ്കിൽ ഞാൻ ആത്മാവിനെ ശുദ്ധവായു പ്രദാനംചെയ്തും സുഗന്ധമാസ്വദിപ്പിച്ചും എപ്രകാരം നിയന്ത്രിക്കുന്നു എന്നു പറയേണ്ട ആവശ്യമില്ലല്ലോ. എന്റെ സർവ്വപ്രധാനമായ ഈ ചുമതലയ്ക്കും പുറമേ ഞാൻ ശരീരത്തെ ഒരു വലിയ ദോഷത്തിൽനിന്നും രക്ഷിക്കുന്നുണ്ട്. ഞാൻ ഇല്ലായിരുന്നുവെങ്കിൽ ഇന്നു ശരീരം കാഴ്ചയ്ക്ക് ഭംഗിയല്ലാത്തതും ദുർഗ്ഗന്ധസംപൂർണ്ണവും രോഗബീജാവഹവും ആയ സാധനങ്ങളിൽപെട്ടു നശിക്കുമായിരുന്നു. ഇങ്ങനെയുള്ള സാധനങ്ങളിൽ പലതും കാഴ്ചയ്ക്കു മനോഹരങ്ങളായിരിക്കാം. എന്നാൽ അവയ്ക്കു കണ്ണിനെ എന്നപോലെ എന്നെ വഞ്ചിക്കാൻ സാധിക്കയില്ല. എന്നാൽ ഒരിക്കൽ ഞാൻ എന്റെ ദിവ്യശക്തികൊണ്ട് അവയുടെ ദോഷത്തെ ചൂണ്ടിക്കാണിച്ചാൽ എന്റെ ആത്മമിത്രം എന്നെക്കാൾ സമർത്ഥൻ എന്നുള്ള ഭാവത്തിൽ, തന്റെ പ്രത്യേകാനുകൂല്യത്താൽ അവയുടെനേരെ കണ്ണടച്ചുകളയും. എന്തെന്നാൽ —ഇതു എനിക്കു സമ്മതിക്കാതിരിക്കാതെ തരമില്ല—എനിക്കു അവയുടെ മുമ്പിൽനിന്നും അന്തർദ്ധാനം ചെയ്യുന്നതിനു കൈയുടെ സഹായം അത്യന്താപേക്ഷിതമാണെന്നു നിങ്ങൾക്കറിയാമല്ലോ.

അവസാനമായി എന്നെപ്പററി പറയുവാനുള്ളതു, പുകവലിക്കാരുടെ സംതൃപ്തിക്കും ഞാൻ ഒരു കാരണക്കാരനാകുന്നുണ്ട് എന്നുള്ളതാണ്. എന്റെ മിത്രം ഇക്കാര്യത്തിൽ ചിലപ്പോഴെല്ലാം പരീക്ഷിച്ചുനോക്കായ്കയില്ല. എന്നാൽ ആ പരീക്ഷണങ്ങൾ ശിശുക്കളെ കബളിപ്പിക്കുവാൻ മാത്രമേ പര്യാപ്തമായിട്ടുള്ളു. പുകവലിയാരംഭിക്കുന്ന ഒരു ബാലൻ എന്നിൽക്കൂടി ധൂമബഹിഷ്കരണം ചെയ്യുന്നതുതന്നെ അവന്റെ ആ പരിശീലനത്തിൽ ഒരു പരിവർത്തനദശയെ സൂചിപ്പിക്കുന്നു.

എന്റെ ഈ ആത്മകഥാകഥനം ഉപസംഹരിക്കുന്നതിനു മുമ്പായി എന്റെ ഒരു സ്വഭാവവുംകൂടി നിങ്ങളെ അറിയിച്ചേക്കാം. പക്ഷേ നിങ്ങൾക്കതു രസിക്കയില്ലായിരിക്കാം. ഞാൻ ക്ഷിപ്രകോപിയും ലോലഹൃദയനുമാണ്.

P. K. Ali Pillai
*Class IV.*



## കിളിയോട്

(P. S. Karunakaran)

തനിയെ തൈമാവിലിരുന്നു നന്നായ്,
തളിരില തിന്നതിമോദമോടെ,
പരമ രുചിരമാം പഞ്ചമത്തെ
പരിചൊടു പാടും പതംഗറാണി!

തനിയെയിരിപ്പു ഞാനോമലാളേ!
കനിവൊടണകയെന്നന്തികെ നീ.
കരതലംകൊണ്ടു തലോടി ഞാനെ-
ന്നരികെയിരുത്താം സരളശീലെ.

മറുപടിയൊന്നു മുരച്ചിടിനാൻ
മരതകമേനിമടിപ്പതെന്തേ?
പലരുമിവണ്ണം പറഞ്ഞിരിക്കാം
പുതുമയതിനാൽ നശിച്ചിരിക്കാം.

കളകളഗാനമൊന്നാലപിച്ചു, [യിട്ടു.
കിളിയെന്നിൽ കോൾമയിർ കോരി
കളിരിളംതെന്നലനേരമെത്തി
ക്കളവെന്തോ ചൊല്ലി; കിളി പറന്നു.

## മനുഷ്യന്റെ കാപട്യവേഷം

മനുഷ്യൻ ഇതരജന്തുക്കളെ അപേക്ഷിച്ചു ബുദ്ധിസാമർത്ഥ്യമുള്ളവനാണെന്നോ, ഈശ്വരനോട് ഏററവും അടുത്തിരിക്കുന്ന പ്രാണിയാണെന്നോ ചിലർ സിദ്ധാന്തിക്കാറുണ്ട്. വാസ്തവം അന്വേഷിച്ചാൽ ഈ വകക്കാരുടെ യുക്തി അജ്ഞാനത്തിൽനിന്നും അഹംഭാവത്തിൽനിന്നും ഉണ്ടായതാണെന്നു കാണാം. ജീവനുള്ളവയെല്ലാം സമ്രാട്ടെന്ന പദവിക്കു താൻ എത്രത്തോളം അർഹനാണെന്നു ആലോചിച്ചുനോക്കുമ്പോൾ മനുഷ്യന്റെ ആത്മസ്തുതി അസ്തമിക്കണം.

ആശയവിനിമയത്തിനു മനുഷ്യൻ പല ഭാഷകളും നിർമ്മിച്ചിട്ടുണ്ട്. സാധുക്കളായ പക്ഷികൾ മൂകങ്ങളാണെന്നാണ് അവന്റെ വിശ്വാസം! എന്നാൽ തന്റെ ബുദ്ധിക്കു അതീതമായ വല്ല ഭാഷയും ആ പ്രാണികൾക്കും വശമുണ്ടെന്നുള്ളതു അവൻ വിസ്മരിക്കാമോ? ജീവജാലങ്ങളെ സംരക്ഷിക്കുന്നതു പഞ്ചഭൂതങ്ങളാണല്ലോ. ഇവയെ ഉപയോഗിക്കുന്നതിനു നമ്മെക്കാൾ കൂടുതൽ മററു ജന്തുക്കൾക്കു വശമുണ്ട്. നഭശ്ചരമായ നാദം തന്നെ ചില പ്രത്യേക ദശയിൽ മാത്രമേ മാനുഷശ്രവണത്തിനു ഗോചരമാകൂ. നമുക്കു കേൾക്കാൻ പാടില്ലാത്തതും, അതുകൊണ്ടു നാം സംഭവ്യമല്ലെന്നു വിശ്വസിക്കുന്നതുമായ എത്ര നാദങ്ങളാണ് ശ്വാനകാദിജന്തുക്കൾ കേട്ട് അവയെ ഉപയോഗപ്പെടുത്തുന്നത്? ഗന്ധഗ്രഹണത്തിനു മനുഷ്യന്റെ ശേഷി തുലോം തുച്ഛമാകുന്നു. ജലത്തിൽ ജീവിക്കുന്നതിനു നമ്മെക്കാൾ സാമർത്ഥ്യമേറുന്ന എത്ര സ്ഥലജന്തുക്കളുണ്ടെന്നറിയാമോ? വായു, സഞ്ചാരമാർഗ്ഗമായി ഉപയോഗപ്പെടുന്നതും ആർക്കാണ്? ശീതോഷ്ണാവസ്ഥയനുസരിച്ച്, അഥവാ അഗ്നിയുടെ ഗുണഭേദത്തിനൊത്ത്, ജീവിക്കുന്നതിനു മനുഷ്യനു ഒട്ടും കഴിവില്ല; ഇതരജീവികൾക്കു ഈ വിഷയത്തിൽ ഏറെക്കുറെ വൈദഗ്ദ്ധ്യമുണ്ട്. നമുക്കു ദൃഷ്ടിഗോചരങ്ങളായ വസ്തുക്കളെ കോഴികൾ കൊത്തിപ്പെറുക്കുന്നതു എത്ര അത്ഭുതകരമാണ്! മത്സ്യചക്ഷുസ്സിനു ദുരാപമായ "ആറംസ്" എന്ന അണുക്കളിൽ കുറെയെണ്ണത്തെ അടക്കിവച്ചാൽ അവയെ ദൂരെനിന്നു കാണാവുന്ന

പ്രാണികളില്ലെന്നു വരുമോ?

എന്നാൽ മനുഷ്യൻ പറയുമായിരിക്കാം സ്വേന്ദ്രിയങ്ങൾക്കു അപ്രാപ്യമായ വസ്തുക്കളെ അയാൾ യന്ത്രം മൂലം സ്വായത്തമാക്കുന്നു എന്ന്. ഇതു വെറും കപടവേഷം മാത്രമാണ്. മനുഷ്യനു സോപാധികമായി ലഭിക്കുന്ന പദാർത്ഥങ്ങൾ മററുള്ളവയ്ക്കു നിരുപാധികമായി ലഭിക്കുമ്പോൾ അയാൾ മററുള്ളവരെക്കാൾ മികച്ചവനാണെന്നു നടിക്കുന്നതു നിരർത്ഥകമായിരിക്കുന്നു. അധികകാലത്തെ പ്രയത്നംകൊണ്ടുണ്ടാക്കുന്ന ഒരു ഫ്ലറയ്ടി വിഷവായുവിനാൽ നശിപ്പിക്കപ്പെടാവുന്നതിൽ നൂറിരട്ടി ആളുകളെ ഒരു സർപ്പത്തിനു രണ്ടു മൂന്നു നാഴികയ്ക്കുള്ളിൽ മൃതിപ്പെടുത്താമെന്നു നമുക്കറിയാമല്ലോ. അന്യനെ നിഗ്രഹിക്കുന്നതിനു നമുക്കുള്ള യന്ത്രങ്ങളിൽവച്ചു മികച്ചതു ബോംബെന്നു പറയുന്ന ഒരു ഗോളവസ്തു മാത്രമാണ്. കോളറായുടെ ഒരൊററയണുവുണ്ടെങ്കിൽ അതു നിമിഷംപ്രതി ഗുണീഭവിച്ചു ഒരു ഗ്രാമത്തെ മുഴുവൻ മുടിക്കുവാൻ അധികം കാലം വേണ്ടിവരികയില്ല. മനുഷ്യന്റെ മേൽ മററു ജീവികൾ ഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്ന ആയുധങ്ങളുടെ സംഹാരസാമർത്ഥ്യം മനസ്സിലാക്കുമ്പോഴെങ്കിലും, അയാൾക്കു വൃഥാഭിമാനങ്ങളെ വെടിഞ്ഞു തല കുനിക്കാതെ ഗത്യന്തരമില്ല.

ജന്മസത്താവിനാശങ്ങളായ സ്ഥിതിത്രയത്തെ സംബന്ധിച്ചും താഴ്ന്നജീവികൾക്കു നമ്മെക്കാൾ സ്വാതന്ത്ര്യവും നിയന്ത്രണശക്തിയും കൂടും. മുട്ടയിട്ടു കഴിഞ്ഞു സൌകര്യംപോലെ അടയിരുന്നു കൊത്തിവിരിക്കുന്ന പക്ഷികളേയും, ഭക്ഷണം കൂടാതെ അധികനാൾ ജീവിക്കാൻ കഴിയുന്ന സർപ്പങ്ങളെയും, ദേഹത്തിന്റെ സിംഹഭാഗവും നഷ്ടപ്പെട്ടാലും ചത്തുപോകാത്ത ഞാഞ്ഞൂൽ പഴുതാര മുതലായ ചെറുപ്രാണികളേയും, പ്രഥമോല്പാദനശേഷം ലോകം വെടിയുന്ന ആൺപക്ഷിയേയും സ്മരിക്കുക. ഇവയെല്ലാം പ്രകൃതിയുമായി ശ്രൂപാശ്കൾ ചെയ്യാൻ കഴിയും. മനുഷ്യനെ സംബന്ധിച്ചിടത്തോളം ജന്മവും, സത്തയും, വിനാശവും നിയതിയുടെ സംപൂർണ്ണാധിപത്യത്തിലിരിക്കുന്നവയാണ്.

മനുഷ്യന്റെ മാഹാത്മ്യം നിഷേധിക്കപ്പെടുന്നതിനുള്ള മറെറാരു കാരണം അയാളുടെ ശത്രു അയാൾ തന്നെ ആയിത്തിരുന്നതുകൊണ്ടാണ്. നാം അന്യോന്യം വധിക്കുന്ന സമ്പ്രദായത്തെ മാത്രമല്ല ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അജയ്യമായ മാനസികപ്രലോഭനങ്ങളാണ് മിക്കപ്പോഴും നമുക്കു അധഃപതനഹേതു. ആകാശത്തിൽ കോട്ട കെട്ടുകയെന്നതു മനുഷ്യനു മാത്രമുള്ള ദുസ്സ്വഭാവമാണ്. ആദർശവും വാസ്തവ്യവും തമ്മിൽ പ്രായേണ യോജിച്ചുകാണാറില്ല. അപ്പോഴൊക്കെയും മനുഷ്യൻ മററു ജീവികളെക്കാൾ നികൃഷ്ടതരമായ നിലയിലേക്കു ഭ്രംശിക്കുന്നു. പലപ്പോഴും അവിചാരിതമായ സ്വനിതാഘാതത്താൽ ഭസ്മീകൃതമാകുന്ന ആശാവല്ലികൾ നമ്മുടെ മുഖം കറുപ്പിക്കുന്നു; ഹൃദയം ഭേദിക്കുന്നു; മനം ഭ്രമിപ്പിക്കുന്നു. ഈ മാതിരി ഘട്ടങ്ങൾ തേജസ്സിനെ അസ്തമിപ്പിക്കുന്ന കരിക്കാറുകൾ പോലെ നമ്മെ ആവരണം ചെയ്തുകഴിഞ്ഞാൽ പിന്നെ മുക്തിമാർഗ്ഗം സുഗമമല്ല. താഴ്ന്ന ജീവികൾക്കു ഈദൃശമായ ദുർദ്ദശകൾ ബാധിക്കാത്തതിൽ നാം അസൂയപ്പെടണം. നമുക്കു അവയെ വഞ്ചിക്കാൻ കഴിയുന്നതിലും എളുപ്പം അവയ്ക്കു നമ്മെ വഞ്ചിക്കുവാനാണ്. ഉല്പത്തിപുരാണത്തിലെ ആദിമാതാവിനെ കുഴിയിൽ ചാടിച്ച സർപ്പവും, ശ്രീരാമനെ ചെണ്ട കൊട്ടിച്ച പൊന്മാനും നമ്മെക്കാൾ എത്ര സമർത്ഥരാണ്? ചതിക്കൂട്ടിൽ തീററിവച്ചു പക്ഷികളെ പാട്ടിലാക്കാനുള്ള നമ്മുടെ ശ്രമങ്ങൾ "കാടികുടിച്ചു"പോകുന്നതു സാധാരണയാണല്ലോ. അവിശ്വാ



സം, അന്ധവിശ്വാസം, ദുരാശ, അസത്യം മുതലായ ദുർഗ്ഗുണങ്ങളൊന്നും പക്ഷിമൃഗാദികളെ നശിപ്പിക്കുന്നില്ല.

ഇങ്ങനെ ആലോചിച്ചിട്ടാണ് മനുഷ്യന്റെ ഭാവങ്ങളെല്ലാം ഒരു കപടവേഷമാണെന്നു പറയുന്നതു്. നാം നടിക്കുന്ന മേന്മയെല്ലാം വെറും മിഥ്യയാണ്. സഹസ്രഗുണീഭവിപ്പിക്കുന്ന ഒരു ദൂരദർശിനിയിൽ കൂടിയാണ് നമ്മുടെ വളർച്ചയെപ്പററി നാം അളവെടുക്കുന്നതു്. ഇതു്, ജീവിതപരാജയങ്ങൾക്കെല്ലാം നിദാനമായിരിക്കുന്നതും എന്നാൽ ലഘുവായി പരിഹരിക്കപ്പെടാൻ നിവൃത്തിയില്ലാത്തതുമായ ഒരു ദുസ്സ്വഭാവമാകുന്നു.

ലോകം യഥാർത്ഥഭക്തിമയമായിത്തീരുന്നതെന്നോ, അന്നു മാത്രമേ അതു കേവലം മരീചികാരൂപത്തിൽനിന്നും ശുദ്ധജലാകൃതിയിലേക്കു തിരിയുകയുള്ളു. സന്മാർഗ്ഗതത്വവാദികൾ, അദ്ധ്യാപകന്മാർ, മതപ്രസംഗകർ, രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങി ജനതതിയെ നന്നാക്കുന്നതിനു ഭാവിക്കുന്ന ഏതു മനുഷ്യരും ദുർന്നാട്യവേഷങ്ങളെ ദൂരവർജ്ജിച്ചു യാഥാർത്ഥ്യമാകുന്ന ചെങ്കോലിൽ സാമ്രാജ്യം സ്ഥാപിക്കുവാൻ തയാറാകുന്നതെന്നോ, അന്നു മാത്രമേ ലോകം ശാശ്വതമായ ഐശ്വര്യത്തിലേക്കു കാൽ വയ്ക്കുകയുള്ളു. എന്നാൽ, യാചിക്കുക, നഗരം ശുചീകരിക്കുക, നിശാപാഠശാലകൾ നടത്തുക, മതസിദ്ധാന്തങ്ങൾ വ്യാഖ്യാനിക്കുക, എന്നു വേണ്ട മററു എല്ലാ പ്രവൃത്തികളും ആത്മാർത്ഥത വിട്ടു ചെയ്യപ്പെടുന്നതായിട്ടാണ് കണ്ടുവരുന്നതു്. നാം ഭയങ്കരമായ് കാട്ടാനയെ ഇണക്കുന്നു. അതുകൊണ്ടു് ആ മൃഗം നമ്മോടു തോററുപോയെന്നു പ്രശംസിക്കാൻ പാടില്ല. മനുഷ്യനുമായി സ്നേഹിക്കുവാൻ അതു് എന്നു നിശ്ചയിച്ചുകഴിഞ്ഞുവോ അന്നുമുതൽ അവനിൽ നിന്നും ആത്മാർത്ഥമായ സ്നേഹത്തെ പകരം ഇച്ഛിച്ചുകൊണ്ടാണ് അതു നമ്മെ അനുസരിക്കുന്നതു്. മനുഷ്യന്റെ വാത്സല്യത്തിൽ അണുവെങ്കിലും കളങ്കമുള്ളതായി അതിനു വല്ല അറിവുമുണ്ടായാൽ പിന്നത്തെ കഥ പറയാനില്ല. നമ്മുടെ കാപട്യത്തിന്റെ ചെമ്പു തെളിക്കുവാൻ മററുള്ളവർക്കു കഴിയുമെന്ന കാലമെത്തിയാൽ നമുക്കു ലഭിക്കാനിരിക്കുന്ന ശിക്ഷ കടുംകഠോരമായിരിക്കുമെന്ന ഭയമെങ്കിലും നമ്മുടെ ആത്മപ്രശംസയെ മുഖം ചുളിപ്പിക്കണം.

മനുഷ്യന്റെ സ്വഭാവത്തിൽ സ്ഥായിയായിട്ടുള്ള ഒരു ന്യൂനത അയാൾ മറെറാരുവനിൽനിന്നും എപ്പോഴും സത്യവും നീതിയും കാംക്ഷിക്കയും, എന്നാൽ സ്വയം അസത്യവും അനീതിയുംകൊണ്ടു കളിക്കുകയും ചെയ്യാൻ മടിക്കുന്നില്ല എന്നതാണ്. അനാവശ്യമായി കോപമുണ്ടായിട്ട് ഒരാൾ മറെറാരാളെ പ്രഹരിക്കയാൽ, രണ്ടാമത്തെയാൾ കോർട്ടിൽ ചെല്ലുകയാണെങ്കിൽ അയാൾക്കു ക്ഷമയും മഹാമനസ്കതയും പോരെന്നു പ്രതി ആവലാതിപ്പെടുന്നു; വാദിയിൽ താനാരോപിക്കുന്ന സ്വഭാവദോഷത്തിനു കാരണം സ്വന്തം അക്ഷമയാണെന്നുള്ള പരമാർത്ഥം വിസ്മരിക്കയും ചെയ്യുന്നു. എല്ലാവരും അന്യനിൽനിന്നു മാ

ത്രം നന്മ ആവശ്യപ്പെട്ടുകൊണ്ടിരുന്നാൽ നെല്ലിനു പകരം പതിരു കൊണ്ടുചെന്നു ഗുരുവിൻമുമ്പിൽ വച്ച ശിഷ്യന്മാരെപ്പോലെ ഇളിഭ്യരാകയേ നിവൃത്തിയുള്ളു. അതിനാൽ,

"ആത്മവത് സർവ്വഭൂതാനി
യഃപശ്യതി സ പശ്യതി"

എന്നു നന്നായി പഠിച്ചും, എത്ര നിസ്സാരങ്ങളായ കൃത്യങ്ങളേയും നിഷ്കളങ്കമായ ഭക്തിയോടുകൂടെ ചെയ്യുകയും, സർവ്വോപരി മനുഷ്യൻ ഈശ്വരതുല്യനാണെന്ന അഹംഭാവം പരിത്യജിച്ചു ജീവിക്കയും ചെയ്യുകയാണെങ്കിൽ ആധുനികലോകത്തിനു സംഭവിച്ചിരിക്കുന്ന അരിഷ്ടതകൾക്ക് അല്പമിറക്കമുണ്ടാകാതിരിക്കയില്ലെന്നു വിശ്വസിക്കാം.

K. V. Ramachandra Pai

*Class IV.*



## Our Exchange Magazines

### (16th March '36 to 23rd Sep. '36.)

We beg to acknowledge with thanks the receipt of the following Magazines :—

1. The Old College Magazine, Trivandrum.
2. St. Thomas' College Magazine, Trichur.
3. The Madras Christian College Magazine, Madras.
4. Findlay High School Magazine, Mannargudi.
5. Malabar Christian College Magazine, Calicut.
6. Govt. Victoria College Magazine, Palghat.
7. Maharaja's College Magazine, Ernakulam.
8. St. Stephen's College Magazine, Delhi.
9. Ewing Christian College Magazine, Allahabad.
10. St. Berchman's College Magazine, Changanacherry.
11. K. R. High School Magazine, Muttra.
12. The Oriel Record, Oxford.
13. The Journal of Madras University, Madras.
14. St. Joseph's College Magazine, Trichinopoly.

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye